ഏഴാം പദ്ധതിക്കാലത്ത് വൈദ്യുതിയുടെ വോൾട്ടേജ് കൂട്ടുവാനുള്ള പദ്ധതി

468. [661] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതിക്കാലത്ത് സംസ്ഥാനമൊട്ടുക്കും വൈദ്യുതിയുടെ വോൾട്ടേജ് കൂട്ടാൻ ഗവൺമെൻറിന് പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യങ്ങൾക്ക് ആകെ എന്തു ചെലവുവരും ;

(ഡി) ഈ സംഖ്യ ഏതെല്ലാംവിധത്തിൽ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വോൾട്ടേജ് ആവശ്യമായ നിലയിലെത്തിക്കാൻ പരിപാടിയുണ്ട്.

(ബി) പുതിയ ട്രാൻസ്മിഷൻ ലൈനുകളും അതിനോട് അനുബന്ധിച്ച് 52 സബ്സ്റ്റേഷനുകളും പുതിയ ഡിസ്ട്രിബ്യൂഷൻ ലൈനുകളും നിർമ്മിക്കുകയും കപ്പാസിറ്ററുകൾ സ്ഥാപിക്കുകയും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വൈദ്യുതശൃംഖല മെച്ചപ്പെടുത്തുന്നതിന് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. മാസ്റ്റർ പ്ലാൻ അനുസരിച്ച് സബ്സ്റ്റേഷനുകളിൽ സ്റ്റാറ്റിക് വാർ കോമ്പൻസേറ്റർ എന്ന ആധുനിക ഉപകരണം വോൾട്ടേജ് മെച്ചപ്പെടുത്താൻ സ്ഥാപിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

(സി) മേല്പറഞ്ഞ ജോലികൾ മുഴുവൻ ഏറെടുക്കാൻ മൊത്തം 200 കോടി രൂപ ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) ലോകബാങ്ക്, കനേഡിയൻ ഗവൺമെൻറ് എന്നിവയിൽനിന്നുള്ള സഹായത്തോടുകൂടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിവിഹിതവുമാണ് വിഭവസമാഹരണത്തിനായി ഉദ്ദേശിക്കുന്നത്.

വോൾട്ടേജ് മെച്ചപ്പെടുത്താൻ പദ്ധതി

469. [662] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി വിതരണരംഗത്തെ വോൾട്ടേജ് നില മെച്ചപ്പെടുത്താൻ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മലബാർ പ്രദേശത്തെ വോൾട്ടേജ്കമ്മി പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ ഉണ്ടോ ;

(ഡി) എങ്കിൽ അവ എന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്ത് 52 സബ്സ്റ്റേഷനുകൾ പണിയാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ

LIBRARY ARCHIVES Kerala Legislative Assembly